മാതൃഭൂമി

01 May 2026

# കടൽമത്സ്യലഭ്യത കൂടി, കേരളത്തിൽ മത്തി വർധിച്ചു

## കേരളത്തിൽ 6.24 ലക്ഷം ടൺ

**കൊച്ചി**▸ കഴിഞ്ഞ വർഷം ഇന്ത്യൻ കടൽത്തീരങ്ങളിൽ നിന്ന് പിടിച്ചത് 35.7 ലക്ഷം ടൺ കടൽമത്സ്യം. മുൻ വർഷത്തെക്കാൾ ഇന്ത്യയിലാകെ മൂന്ന് ശതമാനത്തിന്റെ വർധനയുണ്ടായതായി കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ.) റിപ്പോർട്ട്.

രാജ്യത്ത് ഏറ്റവുമധികം മീൻ പിടിച്ചത് തമിഴ്നാട്ടിലാണ്, 6.85 ലക്ഷം ടൺ. പ്രതികൂലമായ കാലാവസ്ഥയും മത്സ്യബന്ധന നിരോധന കാലയളവ് നീട്ടിയതും മൂലം ഗുജറാത്ത് രണ്ടാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു.  മൂന്നാംസ്ഥാനം കേരളം നിലനിർത്തിയിട്ടുണ്ട്. രണ്ടു ശതമാനമാണ് കേരളത്തിൽ മത്സ്യോത്പാദനം കൂടിയത് .

## മത്തി ലഭ്യത 13 ശതമാനം കൂടി

കേരളത്തിൽ മത്തിയുടെ ലഭ്യത 13 ശതമാനം കൂടി. ഇത് കഴിഞ്ഞ പതിറ്റാണ്ടിനിടയിലെ ഉയർന്ന ലഭ്യതയിലെത്തി. സംസ്ഥാനത്ത് ഏറ്റവുമധികം പിടിച്ച മത്സ്യവും മത്തിയാണ്, 1.68 ലക്ഷം ടൺ. 2013-ന് ശേഷമുള്ള ഏറ്റവും വലിയ ലഭ്യതയാണിത്. കഴിഞ്ഞ വർഷം 1.49 ലക്ഷം ടണ്ണായിരുന്നു. കേരളത്തിലെ ആകെ സമുദ്രമത്സ്യലഭ്യത 6.24 ലക്ഷം ടണ്ണാണ്. മത്തിക്ക് പുറമേ, കിളിമീൻ, കണവ, കൂന്തൽ, നീരാളി ഇനങ്ങളുടെ ലഭ്യതയിലും വർധനയുണ്ടായി. അതേസമയം, തിരിയാൻ, ചെമ്മീൻ, പാമ്പാട എന്നീ മീനുകൾ കുറഞ്ഞു.

**രാജ്യത്ത് ഉത്പാദന ലഭ്യത 35.7 ലക്ഷം ടൺ**



മത്തി കഴിഞ്ഞാൽ ലഭ്യതയിൽ മുന്നിലുള്ളത് അയല (62,269 ടൺ) യാണ്. കൊഴുവ (43,917 ടൺ),  കിളിമീൻ (43,184 ടൺ), ചെമ്മീൻ (40,443 ടൺ)  എന്നിവയാണ് കേരളത്തിൽ കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ ലഭിച്ച മത്സ്യയിനങ്ങൾ.

ശക്തമായ മഴയും ചരക്കുകപ്പൽ അപകടവും കാരണം മേയ്, ജൂൺ മാസങ്ങളിൽ തെക്കൻ ജില്ലകളിൽ മത്സ്യബന്ധനത്തിൽ തടസ്സം നേരിട്ടു.

മത്സ്യത്തൊഴിലാളികളുടെ തൊഴിൽദിനങ്ങളും കുറഞ്ഞു. സംസ്ഥാനത്ത് എറണാകുളം ജില്ലയിലാണ് കൂടുതൽ മീൻ ലഭിച്ചത്. കൊല്ലം, കോഴിക്കോട് ജില്ലകളാണ് യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിലുള്ളത്. ഹാർബറുകളിൽ കൊല്ലം ജില്ലയിലെ നീണ്ടകരയാണ് മുന്നിൽ. എറണാകുളം ജില്ലയിലെ മുനമ്പം രണ്ടാമതാണ്.

## രാജ്യത്ത് മുന്നിൽ അയല

രാജ്യത്താകെ ഏറ്റവും കൂടുതൽ ലഭിച്ച മത്സ്യം അയലയാണ് (2.70 ലക്ഷം ടൺ). സമുദ്രമത്സ്യോത്പാദനത്തിൽ കർണാടകയിൽ 44 ശതമാനവും മഹാരാഷ്ട്രയിൽ 18 ശതമാനവും വർധന രേഖപ്പെടുത്തി.

അനുകൂലമായ പാരിസ്ഥിതിക ഘടകങ്ങളാണ് മത്തി പോലുള്ള ചെറിയ മീനുകൾക്ക് ഗുണകരമായതെന്ന് സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് പറഞ്ഞു.

സമുദ്രമത്സ്യമേഖലയിൽ നിന്നുള്ള വരുമാനവും കൂടിയിട്ടുണ്ട്. ഇന്ത്യയിലാകെ ലാൻഡിങ് സെന്ററുകളിൽ 69,254 കോടി രൂപയും (10.45 ശതമാനം വർധന) ചില്ലറ വിപണിയിൽ 97,702 കോടി രൂപയും (8.43 ശതമാനം വർധന) വിറ്റുവരവുണ്ടായി. കേരളത്തിൽ ലാൻഡിങ് സെന്ററുകളിലെ മൂല്യം 12,665 കോടി രൂപയും (17.8% വർധന), ചില്ലറ വിപണിയിലേത് 16,681 (11.1% വർധന) കോടി രൂപയുമാണ്. വിപണന കാര്യക്ഷമതയിൽ കേരളം രാജ്യത്ത് ഒന്നാമതാണ് (72.83 ശതമാനം). സി.എം.എഫ്.ആർ.ഐ.യിലെ ഫിഷറി റിസോഴ്സസ് അസസ്മെന്റ്, ഇക്കണോമിക്സ് ആൻഡ് എക്സ്റ്റൻഷൻ വിഭാഗമാണ് വാർഷിക സമുദ്രമത്സ്യ ലഭ്യത കണക്കാക്കി റിപ്പോർട്ട് തയ്യാറാക്കിയത്.

ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ്, വിവിധ ഗവേഷണ വിഭാഗം മേധാവികളായ ഡോ. ജെ. ജയശങ്കർ, ഡോ. ശോഭ ജോ കിഴക്കൂടൻ, ഡോ. കെ. എസ്. ഭന, ഡോ. ജോസ്ലീൻ ജോസ്, ഡോ. വി.വി. ആർ. സുരേഷ്, ഡോ. കൃപേഷ് ശർമ എന്നിവർ വാർത്താ സമ്മേളനത്തിൽ സംബന്ധിച്ചു.